പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 138 10.02.2020-ലെ മറുപടിക്ക്

## വാഹനാപകടങ്ങളുടെ വർദ്ധനവ്

ചോദ്യം

ശ്രീ.ടി.ജെ. വിനോദ്

" എൽദോസ് പി. കുന്നപ്പിള്ളിൽ

" അൻവർ സാദത്ത്

" അനിൽ അക്കര

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റോഡുകൾ കുരുതിക്കളം ആകുന്നുവെന്ന വാർത്ത വസ്തുതാപരമാണോ യെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കഴിഞ്ഞ 10 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട റോഡപകട മരണങ്ങൾ സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ കണക്കുകൾ പരിശോധിച്ചാൽ ഓരോ വർഷവും റോഡപകടങ്ങളിൽ മരണപ്പെടുന്നവരുടെ എണ്ണം സ്ഥിരമായി വർദ്ധിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. 2013, 2014, 2017 വർഷങ്ങളിൽ റോഡപകടമരണങ്ങളുടെ നിരക്ക് മുൻവർഷത്തേതിനേക്കാൾ കുറവായിരുന്നു. 2018, 2019 വർഷങ്ങളിൽ ഇത് വർദ്ധിച്ചിട്ടുണ്ട്. മരണസംഖ്യ കൂടുന്നുണ്ടെങ്കിലും ഓരോ വർഷവും റോഡിലിറങ്ങുന്ന വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധനവ്, റോഡുകളുടെ അപര്യാപ്തത എന്നിവ പരിഗണിച്ചാൽ മരണനിരക്കിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണ്. ഇത് ഇനിയും കുറച്ചുകൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ട്രാഫിക് നിയമലംഘനങ്ങൾക്ക് ഉയർന്ന പിഴതുക നിലവിൽ വന്ന ശേഷം വാഹനാപകടങ്ങളിലെ മരണനിരക്കിൽ കുറവ് വന്നിട്ടുണ്ട്. |
| (ബി) | 2019-ൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെയും ഗുരുതരമായി പരിക്കപറ്റിയവരുടെയും എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്ത് 2018-ൽ 40,181 റോഡപകടങ്ങളിൽ 4,303 പേർ മരണപ്പെടുകയും 31,672 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. 2019-ൽ 41,153 റോഡപകടങ്ങളിൽ 4,408 പേർ മരണപ്പെടുകയും 32,581 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. 2018-നെ അപേക്ഷിച്ച് 2019-ൽ |

| | | | |
|---|---|---|---|
| | | | റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റ വരുടെയും മരണപ്പെട്ടവരുടെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 2019 നവംബർ, ഡിസംബർ മാസങ്ങളിൽ തലേ വർഷത്തെ അപേക്ഷിച്ച് മരണസംഖ്യ കുറഞ്ഞിട്ടുണ്ട്. 2019 നവംബറിൽ 320 പേരും ഡിസംബറിൽ 354 പേരും മരണപ്പെട്ടപ്പോൾ 2018-ൽ ഇത് യഥാക്രമം 352, 436 എന്നിങ്ങ നെയായിരുന്നു. |
| (സി) | സംസ്ഥാനത്തെ റോഡുകളുടെ മോശപ്പെട്ട സ്ഥിതി അപകട ങ്ങൾ വർദ്ധിക്കുന്നതിന് കാരണ മായതായി വിലയിരുത്തുന്നു ണ്ടോ; | (സി) | ഇല്ല. 2019 സെപ്റ്റംബർ വരെയുള്ള കണക്ക പ്രകാരം 30,784 അപകടങ്ങളിൽ റോഡിന്റെ തകരാറ് മൂലമുണ്ടായ അപകടങ്ങളുടെ എണ്ണം 80 ആണ്. 3,375 അപകടമരണങ്ങളിൽ 17 പേർ മാത്രമാണ് റോഡിന്റെ തകരാർ മൂല മുണ്ടായ അപകടങ്ങളിൽ മരണമടഞ്ഞത്. ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതാണ് റോഡപകടങ്ങൾ കൂടുന്നതിനുള്ള മുഖ്യകാരണ മായി വിലയിരുത്തപ്പെട്ടിട്ടുള്ളത്. |
| (ഡി) | മോട്ടോർ വാഹന നിയമ ലംഘനങ്ങൾക്കുള്ള ശിക്ഷയും വാഹനപരിശോധനയും കർശന മാക്കി അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനുള്ള നടപടി കൈ ക്കൊള്ളുമോ; വ്യക്തമാക്കുമോ? | (ഡി) | റോഡപകടങ്ങൾക്കും അതുമൂലമുള്ള മരണങ്ങൾ ക്കും പ്രധാന കാരണം ഡ്രൈവറുടെ അശ്രദ്ധയും അമിതവേഗവും ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതുമാണ്. വാഹന പരിശോധന കർശനമാക്കി നിയമലംഘന ങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിലൂടെ മാത്രമേ ഇത്തരം പ്രവണതകൾ ഇല്ലാതാക്കാനാകൂ. ഇതിനാവശ്യ മായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. 2019-ൽ മോട്ടോർ വാഹന വകുപ്പ് ട്രാഫിക് നിയമലംഘനങ്ങൾ ക്കെതിരെ 2,76,584 കേസുകൾ രജിസ്റ്റർ ചെയ്യുകയും 33,80,72,125/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, വിവിധ ട്രാഫിക് നിയമലംഘനങ്ങളിൽ ഉൾപ്പെട്ട 28,020 പേരുടെ ലൈസൻസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. തുടർന്നും മോട്ടോർ വാഹന വകുപ്പ് ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം



## അനുബന്ധം

| TOTAL NO.OF PERSONS KILLED (FATALITIES) IN ROAD ACCIDENTS IN LAST DECADE | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Month/ Year | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 |
| *January* | 373 | 350 | 367 | 397 | 415 | 391 | 432 | 349 | 394 | 459 |
| *February* | 308 | 333 | 348 | 360 | 323 | 377 | 380 | 336 | 386 | 393 |
| *March* | 353 | 351 | 319 | 429 | 335 | 373 | 376 | 313 | 361 | 410 |
| *April* | 402 | 387 | 403 | 373 | 362 | 373 | 381 | 362 | 415 | 418 |
| *May* | 405 | 389 | 387 | 412 | 395 | 362 | 405 | 412 | 405 | 443 |
| *June* | 295 | 350 | 330 | 305 | 350 | 301 | 320 | 320 | 336 | 354 |
| *July* | 273 | 286 | 328 | 304 | 304 | 328 | 311 | 337 | 318 | 296 |
| *August* | 314 | 300 | 388 | 324 | 306 | 361 | 320 | 336 | 288 | 287 |
| *September* | 328 | 372 | 330 | 330 | 308 | 304 | 371 | 330 | 321 | 325 |
| *October* | 283 | 354 | 338 | 280 | 271 | 311 | 350 | 321 | 291 | 349 |
| *November* | 281 | 321 | 329 | 349 | 325 | 366 | 290 | 346 | 352 | 320 |
| *December* | 335 | 352 | 419 | 395 | 355 | 349 | 351 | 369 | 436 | 354 |
| Annual Total | 3950 | 4145 | 4286 | 4258 | 4049 | 4196 | 4287 | 4131 | 4303 | 4408 |
| % Variation from previous year | | 4.9% | 3.4% | -0.7% | -4.9% | 3.6% | 2.2% | -3.6% | 4.2% | 2.4% |